പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5627 27.03.2018-ലെ മറുപടിക്ക്

# വൈക്കം കെ.എസ്.ആർ.ടി.സി ഡിപ്പോയിലെ പ്രവൃത്തികൾ

ചോദ്യം
ശ്രീമതി സി.കെ. ആശ

ഉത്തരം
ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈക്കം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ എം.എൽ.എ. എ.ഡി.എഫ് ഉപയോഗിച്ച് ടൂ വീലർ പാർക്കിംഗ് ഷെഡ് നിർമ്മാണത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) | MLA LAC ADS ഫണ്ടായി 50 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകികൊണ്ടുള്ള 31.08.2017-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. KSRTC 06.07.2017-നുതന്നെ ലൊക്കേഷൻ സ്കെച്ച് തയ്യാറാക്കി നിർമ്മിതി കേന്ദ്രത്തെ ഏല്പിച്ചിട്ടുണ്ട്. |
| (ബി) | നിർമ്മാണ പ്രവർത്തനം തുടങ്ങുവാൻ നിയമപരമായ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | 18.2.2018-ൽ നിർമ്മിതി കേന്ദ്രം, കെ.എസ്.ആർ.ടി.സി. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുമായി കരാറിൽ ഏർപ്പെടുന്നതിനും, ആദ്യ ഗഡുവായ 10 ലക്ഷം രൂപ അനുവദിക്കുന്നതിനുമായി കത്ത് നൽകിയിരുന്നു. ഇതു സംബന്ധിച്ച് നിയമപരവും സാങ്കേതികവുമായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സ്ഥലം സംബന്ധിച്ച് പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുവാൻ ശ്രമിക്കുന്നുണ്ട്. ഭാവിവികസന സാധ്യതകൾ കൂടി കണക്കിലെടുത്ത് പ്രശ്നം പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | എം.എൽ.എ. എ.ഡി.എഫ്-ൽ നിന്നും 50 ലക്ഷം രൂപ വിനിയോഗിച്ച് വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എം.എൽ.എ. നിർദ്ദേശിച്ച പ്രവൃത്തികൾ നടത്തേണ്ട സ്ഥലം സംബന്ധിച്ച് നിലവിൽ എന്തെങ്കിലും തർക്കം നിലനിൽക്കുന്നുണ്ടോ; | | |
| (ഡി) | പ്രസ്തുത ഡിപ്പോയിലെ എ.ഡി.എഫ്. വിനിയോഗം സംബന്ധിച്ച് ഈ സർക്കാർ നിലവിൽ വന്നശേഷം മന്ത്രിതലത്തിൽ എത്ര യോഗം നടന്നു എന്ന് വ്യക്തമാക്കുമോ? | (ഡി) | മൂന്ന് യോഗം കൂടിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**